**<u>വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>**

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – 2016-17 സാമ്പത്തിക വർഷം – 4235-02-102-96 (P) ശീർകത്തിൽ വകയിരുത്തിയിട്ടുള്ള അങ്കണവാടി കെട്ടിട നിർമ്മാണം –പ്ലാൻ ഭേദഗതി ചെയ്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ) നമ്പർ 148/17 തീയതി 15.03.2017 .
2. 18.03.2017 തീയതിയിലെ ICDS/A7-3187/16 നമ്പർ നടപടി ക്രമങ്ങൾ.
3. 04.09.2020 തീയതിയിലെ സ.ഉ ( സാധാ) നം. 452/2020 സാനീവ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ICDS/A7-21963/18 തീയതി: 07.10.2020</u>**

2016-17 സാമ്പത്തിക വർഷം 4235-02-102-96 (P) ശീർഷകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെയായി 200 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ടി കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല PWD യ്ക്ക് നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മാണം നടത്തുന്ന ഈ കെട്ടിടത്തിന്റെ 60% തുക PWD യും 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണനുമതി ലഭ്യമായ ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം പഞ്ചായത്തിലെ 57,81 നമ്പർ അങ്കണവാടികൾക്കും, അരൂർ പഞ്ചായത്തിലെ 10,21 നമ്പർ അങ്കണവാടികൾക്കും വകുപ്പിന്റെ നിർദ്ദിഷ്ട പ്ലാനിൽ (69.23 ച.മീറ്റർ) കെട്ടിട നിർമ്മാണം നടത്താൻ സാധിക്കാത്തതിനാൽ PWD ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ പുതുക്കിയ പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം പഞ്ചായത്തിലെ 57,81-ാം നമ്പർ അങ്കണവാടികൾക്ക് പുതുക്കിയ പ്ലാൻ പ്രകാരം യഥാക്രമം 61.25, 55.41 ച.മീറ്ററിലും അരൂർ പഞ്ചായത്തിലെ 10,21 -ാം നമ്പർ അങ്കണവാടികൾക്ക് യഥാക്രമം50.04, 64.8 ച.മീറ്ററും വിസ്തീർണ്ണമുള്ള കെട്ടിടം എസ്റ്റിമേറ്റ് തുക 14.50 ലക്ഷം രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥ പ്രകാരം നിർമ്മിക്കുന്നതിനും ടി

അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായുള്ള തുക 4235-02-102-96 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അങ്കണവാടി കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ ഭേദഗതിയോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ചീഫ് എഞ്ചിനീയർ,
PWD കെട്ടിട വിഭാഗം

പകർപ്പ്: 1) പ്രോഗ്രാം ഓഫീസർ,ആലപ്പുഴ
(കെട്ടിടനിർമ്മാണ പുരോഗതി വിലയിരുത്തി
സമയ ബന്ധിതമായി നിർമ്മാണം
പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.)
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ , PWD, ആലപ്പുഴ
3) ശിശുവികസന പദ്ധതി ഓഫീസർ, പട്ടണക്കാട്, കഞ്ഞിക്കുഴി
4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

AN